# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5827 | 05.07.2013-ൽ മറുപടി നൽകേണ്ടിയിരുന്നത് |

### പുലിയന്നൂർ-പാലാ - സിവിൽ സ്റ്റേഷൻ പാരലൽ റോഡ്

| ചോദ്യം<br>ശ്രീമതി.ജമീലാ പ്രകാശം | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) പുലിയന്നൂർ-പാലാ-സിവിൽ സ്റ്റേഷൻ പാരലൽ റോഡ് നിർമ്മിക്കുന്നതിന് അലൈൻമെന്റ് ഫിക്സ് ചെയ്യുന്നതിനും ഭൂമി അക്വയർ ചെയ്യുന്നതിനും സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണ്; | (എ) പാലാ നഗരത്തിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുവാൻ ഏറ്റുമാനൂർ - പൂഞ്ഞാർ സ്റ്റേറ്റ് ഹൈവേയ്ക്ക് സമാന്തരമായി പുലിയന്നൂർ മുതൽ പാലാ സിവിൽ സ്റ്റേഷൻ വരെ 16 മീറ്റർ വീതിയിൽ ഒരു പാരലൽ റോഡ് നിർമ്മിക്കുവാൻ തീരുമാനിച്ചത് അനുസരിച്ച് സ്ഥലപരിശോധന നടത്തി അലൈൻമെന്റിന് അനുമതി നൽകി. ആയതിന്റെ അടിസ്ഥാനത്തിലാണ് ഭൂമി അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്. |
| (ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം; | (ബി) രണ്ട് റീച്ചുകളായാണ് ഈ പ്രവൃത്തി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. ആദ്യ റീച്ചിലെ 50 ശതമാനത്തിന് മുകളിൽ ആളുകളുടെ സ്ഥലം അക്വയർ ചെയ്തിട്ടുള്ളതാണ്. ബാക്കി ഭാഗം സ്ഥലത്തിന്റെ അക്വിസിഷൻ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) അത് സംബന്ധിച്ച് ബദൽ നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചു കൊണ്ട് പാലാ മുൻസിപ്പൽ കൗൺസിലർ പൊതുമരാമത്ത് വകുപ്പ് മന്ത്രിക്ക് 8.10.2011-ൽ നിവേദനം നൽകിയിരുന്നോ; | (സി) നൽകിയിരുന്നു. |

| | |
|---|---|
| (ഡി) എങ്കിൽ ആ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ഡി) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും പ്രായോഗികമല്ലെന്ന് കണ്ട് ആദ്യ അലൈൻമെന്റ് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുവാൻ കോട്ടയം നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഇ) ഇപ്പോൾ നിർദ്ദിഷ്ട റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്; | (ഇ) രണ്ടാം റീച്ചിന്റെ 4(1) നോട്ടിഫിക്കേഷനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) ഇത് സംബന്ധിച്ച അവസാന തീരുമാനം എടുക്കേണ്ടത് ആരാണ്; വ്യക്തമാക്കുമോ? | (എഫ്) അലൈൻമെന്റ് സംബന്ധിച്ച അന്തിമ തീരുമാനം എടുക്കുന്നത് പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും) ചീഫ് എഞ്ചിനീയർ ആണ്. |

സെക്ഷൻ ഓഫീസർ